**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1468**

**06.03.2017 - ൽ**
**മറുപടിക്ക്**

**കൃഷി വകുപ്പിന്റെ ധനസഹായ പദ്ധതികൾ**

**ചോദ്യം**
**ശ്രീ.കെ.ദാസൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) കൃഷി വകുപ്പ് മുഖേന വിവിധ ഫാമുകൾ (കൃഷി, ഡയറി, പന്നി, ആട്, താറാവ് കോഴി മുതലായ ഫാമുകൾ) നടത്തുന്നതിന് നൽകുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാമാണെന്നും സബ്സിഡികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

ബി) ഇത്തരം പദ്ധതികളുടെ മാനദണ്ഡങ്ങൾ /മാർഗ്ഗരേഖകൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

എ) & ബി)

കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ പദ്ധതിയുടെ ഭാഗമായി കൃഷി, ഡയറി, പന്നി, ആട്, താറാവ്, കോഴി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ (Integrated Farming System Models) ആരംഭിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകി വരുന്നു. ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്.

- കൃഷി അടിസ്ഥാനമാക്കി കന്നുകാലി വളർത്തൽ ഉൾപ്പെടെ കുറഞ്ഞത് മൂന്ന് അനുബന്ധ മേഖലകളിലെ പ്രവർത്തനം ഫാമിലുണ്ടാകണം.
- ഫാമിന് കുറഞ്ഞത് 50 സെന്റ് വിസ്തീർണ്ണം അഭികാമ്യം.
- ഫാം കുറഞ്ഞത് 3 വർഷത്തേയ്ക്ക് പ്രദർശനത്തോട്ടമായി നിലനിർത്തണം.
- ഫാമിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന ഒരു ഡയറി കർഷകൻ സൂക്ഷിക്കണം.
- ഫാം വികസിപ്പിക്കുന്നതിനായി ഒരു ഫാം പ്ലാൻ തയ്യാറാക്കണം. ഇതിൽ കണക്കാക്കുന്ന ആകെ ചെലവിന്റെ 75 ശതമാനം പരമാവധി 40,000/- രൂപ (നാല്പതിനായിരം രൂപ മാത്രം) ആണ് ധനസഹായമായി നൽകുന്നത്.
- ഫാം വികസനത്തിനുള്ള സാധ്യതകൾ കൂടാതെ പുതിയ സാങ്കേതിക വിദ്യകൾ പ്രായോഗികമാക്കുക, പ്രദർശനത്തോട്ടമായി കുറഞ്ഞത് 3 വർഷത്തേയ്ക്ക് നിലനിർത്തുക, പ്രവർത്തന രേഖകൾ തയ്യാറാക്കി സൂക്ഷിക്കുക എന്നിവയിൽ കർഷകനുള്ള താത്പര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത്. നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കാർഷിക വിജ്ഞാന വ്യാപന പദ്ധതികളിൽ കർഷകന്റെ പങ്കാളിത്തവും (ഉദാ. കാർഷിക പരിശീലനം, പഠനയാത്രകൾ എന്നിവയിലെ പങ്കാളിത്തം, ഫാം സ്കൂളുകളുടെ നടത്തിപ്പ്) എന്നിവയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ മാനദണ്ഡങ്ങളാണ്.

നാളീകേര വികസന പദ്ധതി (കേരഗ്രാമം)യുടെ ഭാഗമായി മേൽത്തരം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നഴ്സറികൾ സ്ഥാപിക്കുന്നതിന് ആകെ ചിലവിന്റെ 25% പരമാവധി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) ധനസഹായമായി നൽകുന്നു. 25 സെന്റിൽ നിന്നും 6,250 ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നവർക്ക് (ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ) ഓരോ കേരഗ്രാമത്തിലും പദ്ധതി നടപ്പിലാക്കുന്നു.

അതുപോലെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി കുറഞ്ഞത് 500 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഹൈ-ടെക് നഴ്സറികൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ ധനസഹായം നൽകുന്നു. ബ്ലോക്ക് തലത്തിലാണ് ഇത്തരം നഴ്സറികൾ സ്ഥാപിക്കുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്കാവശ്യമായ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. സംരംഭകത്വമുള്ള മികച്ച കർഷകരെയാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്.

**സെക്ഷൻ ഓഫീസർ**